©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2024-2025)**

**FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2024-2025)**

**2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്**
**(Presented on 10th June 2024)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## നാലാമത് റിപ്പോർട്ട്
## (2024-2025)

# FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
# (2024-2025)

386/2024.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)
# (2023-26)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പുമന്ത്രി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 22, 28 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | - | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും. |
| ധനാഭ്യർത്ഥന നമ്പർ VII | - | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും. |
| ധനാഭ്യർത്ഥന നമ്പർ VIII | - | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | - | ട്രഷറികളും അക്കൗണ്ടുകളും. |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാ ഭരണവും പലവകയും. |
| ധനാഭ്യർത്ഥന നമ്പർ XVI | - | പെൻഷനും പലവകയും. |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ. |
| ധനാഭ്യർത്ഥന നമ്പർ XLIII | - | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | - | പലവക വായ്പകളും മുൻകൂറുകളും. |
| ധനാഭ്യർത്ഥന നമ്പർ XLVI | - | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ രൂപീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2024 മാർച്ച് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. എൻ. ബാലഗോപാൽ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,

2024 ജൂൺ 10.

**റിപ്പോർട്ട്**

## ധനാഭ്യർത്ഥന നമ്പർ V

## ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

വോട്ടു ചെയ്തത് - 410.9316 കോടി രൂപ

ചാർജ്ജ് ചെയ്തത് - 65 ലക്ഷം രൂപ

2040-00-188-99— ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്)

31 - സഹായധനം—ശമ്പളം

വിഹിതം:2.5892 കോടി രൂപ (പദ്ധതിയേതരം)

1. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പി.എച്ച്.ഡി. അടക്കമുള്ള അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമിതരായ പുതിയ അക്കാദമിക് സ്റ്റാഫിന്റെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് പര്യാപ്തമായ തുക 2024 -2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 1.23 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36—സഹായധനം - ശമ്പളേതരം

വിഹിതം :1 കോടി രൂപ (പദ്ധതി)

2. ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പിന് വേണ്ടി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം:ഇല്ല

3. മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന കണക്കിനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിന് 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-93—ഐ.ടി അടിസ്ഥാന സൗകര്യ വികസനം-വിവര സാങ്കേതിക സൗകര്യങ്ങൾ

വിഹിതം:3 കോടി രൂപ (പദ്ധതി)

4. കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ കംപ്യൂട്ടറുകൾ, ലാപ് ടോപ്പ് എന്നിവ വാങ്ങുന്നതിനും, പുതിയ സെർവറുകൾ വാങ്ങി സ്ഥാപിക്കുന്നതിനും ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്ക് തുക നൽകുന്നതിനും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-001-92—പൊതുഅവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും

വിഹിതം:4 കോടി രൂപ (പദ്ധതി)

5. നികുതി സമ്പ്രദായത്തിന്റെ ഡീലർ രജിസ്ട്രേഷൻ എടുക്കുന്നതിന്റെ പ്രാധാന്യം, നികുതി അടയ്ക്കേണ്ടതിന്റെ ആവശ്യകത, ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട മറ്റ് ഘടകങ്ങൾ സംബന്ധിച്ച പൊതുജനാവബോധം മെച്ചപ്പെടുത്തുന്നതിനും ആംനെസ്റ്റി പദ്ധതി 2024-ന്റെ പ്രചാരണാർത്ഥം നികുതിദായകരിൽ അവബോധം സൃഷ്ടിക്കാനുമായുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2043-00-101-97-15—ചരക്കു സേവന നികുതി കാര്യാലയങ്ങൾ-രഹസ്യ സേവന ചെലവുകൾ

വിഹിതം:20 ലക്ഷം രൂപ (പദ്ധതിയേതരം)

6. സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നികുതി വെട്ടിപ്പുകൾക്ക് തടയിടുന്ന വിപുലമായ പ്രവർത്തനങ്ങൾക്കും, ഇൻഫോർമർ മാനേജ്മെന്റ് റിവാർഡ് നൽകൽ പ്രവർത്തനങ്ങൾക്കുമായി സീക്രട്ട് സർവ്വീസ് ഫണ്ട് ഇനത്തിൽ ഏകദേശം 8 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം ഇതിലേയ്ക്കായി ടി ശീർഷകത്തിൽ 2.9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2045-00-200-99—<u>സംഭരണ ചെലവുകൾ-മറ്റ് നികുതികളും തീരുവകളും-ലൈസൻസിംഗ് ബോർഡ്</u>

വിഹിതം:1.8746 കോടി രൂപ (പദ്ധതിയേതരം)

7. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ, സൂപ്പർവൈസർ പരീക്ഷകളുടെ അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്നതിനാലും പരീക്ഷ നടത്തുന്ന ചെലവ് വർദ്ധിച്ചതിനാലും 05-4-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ എന്ന കണക്കിനത്തിൽ, നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ <u>2 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ VII

## മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ടു ചെയ്തത് - 317.9135 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2030-02-102-99—<u>മുദ്രപ്പത്രങ്ങൾ നോൺ ജുഡീഷ്യൽ-മുദ്രപ്പത്ര വിൽപ്പനച്ചെലവുകൾ</u>

വിഹിതം: 39 കോടി രൂപ (പദ്ധതിയേതരം)

8. മുദ്രപ്പത്ര വിൽപ്പനയിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണ്. <u>ആയതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030-03-001-99—<u>രജിസ്ട്രേഷൻ - നടത്തിപ്പും ഭരണവും</u>

05-3—<u>ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

വിഹിതം : 2 ലക്ഷം രൂപ (പദ്ധതിയേതരം)

9. രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യാലയത്തിൽ Session Initiation Protocol(SIP) trunk സംവിധാനം നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി പ്രതിമാസം 34,450/- രൂപ ചെലവ് വരുന്നതിനാൽ <u>ടി ശീർഷകത്തിൽ 2.20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030-03-001-95—സബ് രജിസ്ട്രി ഓഫീസുകൾ

34-3—മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

10. സംസ്ഥാനത്തെ 40 സബ് രജിസ്ട്രി ഓഫീസുകളുടെ ഉദ്ഘാടനത്തിനും ഷിഫ്റ്റിംഗ് ചാർജ് ഇനത്തിലും 45.43 ലക്ഷം രൂപ നൽകാനുള്ളതിനാൽ ടി ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 45.43 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നം. VIII

## എക്സൈസ്

വോട്ടു ചെയ്തത് : 371.6025 കോടി രൂപ

ചാർജ്ജ് ചെയ്തത് : 5 ലക്ഷം രൂപ

2039-00-001-99—നടത്തിപ്പും ഭരണവും - മേൽനോട്ടം

06- വാടക, കരം, നികുതി

വിഹിതം : 80 ലക്ഷം രൂപ (പദ്ധതിയേതരം)

11. എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ എന്നിവ പൂർണ്ണമായും നിർവ്വഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 50.94 ലക്ഷം രൂപ (പദ്ധതിയേതരം)

12. എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34-3—മറ്റു ചെലവുകൾ - മറ്റിനം

വിഹിതം: 33 ലക്ഷം രൂപ (പദ്ധതിയേതരം)

13. മേൽ ശീർഷകത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45— പി.ഒ.എൽ.

വിഹിതം:2.5094 കോടി രൂപ (പദ്ധതിയേതരം)

14. എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-98—റേഞ്ച് ഓഫീസുകൾ

06—വാടക, കരം, നികുതി

വിഹിതം : 1.1 കോടി രൂപ (പദ്ധതിയേതരം)

15. നിലവിൽ ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിന് അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം:47.25 ലക്ഷം രൂപ (പദ്ധതിയേതരം)

16. എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം:2.5526 കോടി രൂപ (പദ്ധതിയേതരം)

17. എക്സൈസ് റേഞ്ച് ഓഫീസുകളിലെ ഇന്ധന ചെലവുകൾക്കായി നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-94— എക്സൈസ് വകുപ്പിന്റെ നവീകരണം

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം:90 ലക്ഷം രൂപ (പദ്ധതിയേതരം)

18. 2024-25 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ X
## ട്രഷറികളും അക്കൗണ്ടുകളും

വോട്ടു ചെയ്യുത് - 375.657 കോടി രൂപ

ചാർജ്ജ് ചെയ്യുത് - ഇല്ല

2054-00-098-99 —കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

06—വാടക, കരം, നികുതി

വിഹിതം:30 ലക്ഷം രൂപ (പദ്ധതിയേതരം)

19. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക എന്നിവയുൾപ്പെടെ നൽകുന്നതിലേയ്ക്കായി 1.0989237 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആകയാൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-02—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 2.55 ലക്ഷം രൂപ (പദ്ധതിയേതരം)

20. ഡയറക്ടറേറ്റിനും ഉപകാര്യാലയങ്ങൾക്കും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 2023-2024 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി പര്യാപ്തമല്ല. ആകയാൽ 3.27 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI

## ജില്ലാ ഭരണവും പലവകയും

വോട്ടു ചെയ്തത് - 909.9603 കോടി രൂപ

ചാർജ്ജ് ചെയ്തത് - 1.588 കോടി രൂപ

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

വിഹിതം : 225 കോടി രൂപ (പദ്ധതിയേതരം)

21. 2024-25 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 19.5 കോടി രൂപ നിരക്കിൽ 12 മാസത്തെ തുക വിതരണം ചെയ്യുന്നതിനായി 234 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശികയായ 39 കോടി രൂപയും നൽകാനുണ്ട്. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 34 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-85-10—എം.പി.കെ.ബി.വൈ./എസ്.എ.എസ്.ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

വിഹിതം : 60 ലക്ഷം രൂപ (പദ്ധതിയേതരം)

22. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഒരു വർഷം ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന മൊത്തം തുകയുടെ 50% ആയ സർക്കാർ വിഹിതവും 31-3-2024 വരെയുള്ള സർക്കാർ വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയും മേൽ ശീർഷകത്തിൽ

വകയിരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 37 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI

## പെൻഷനും പലവകയും

വോട്ടു ചെയ്തത് - 41384.6908 കോടി രൂപ

ചാർജ് ചെയ്തത് - 9.5874 കോടി രൂപ

2071-01-200- 97—കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ

വിഹിതം:2.4 കോടി രൂപ (പദ്ധതിയേതരം)

23. കോഴിക്കോട് സാമൂതിരി കുടുംബത്തിലെ 707 അംഗങ്ങൾക്ക് 2024-25 വർഷം പ്രതിമാസം 3000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 2.5452 കോടി രൂപ ആവശ്യമുണ്ട്. ആയതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 14.52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-99—സംസ്ഥാനഭാഗ്യക്കുറി - ഭാഗ്യക്കുറി ടിക്കറ്റ് വില്പന

2-08—പ്രചരണ ചെലവുകൾ - പരസ്യം പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

വിഹിതം: 27.5 കോടി രൂപ (പദ്ധതിയേതരം)

24. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യങ്ങൾ നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നൽകിയ ഇനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനും, പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർദ്ധിപ്പിച്ച് സമ്മാന ഘടന പരിഷ്കരിക്കുമ്പോൾ കൂടുതൽ സീരീസുകളും, നമ്പറുകളും നറുക്കെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള പുതിയ മൊബൈൽ നറുക്കെടുപ്പ് യന്ത്രം വാങ്ങുന്നതിലേയ്ക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103- 98—ഏജന്റുമാരുടെ കമ്മീഷൻ

വിഹിതം: 4377.6 കോടി രൂപ (പദ്ധതിയേതരം)

25. ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2024-2025 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4473.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 95.65 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103- 97—സമ്മാനദാനം

വിഹിതം: 7797.6 കോടി രൂപ (പദ്ധതിയേതരം)

26. നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 8080.1 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 282.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94—സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്

06—വാടക, കരം, നികുതി

വിഹിതം:1 ലക്ഷം രൂപ (പദ്ധതിയേതരം)

27. ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിൽ 2024-2025 സാമ്പത്തിക വർഷം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടി ശീർഷകത്തിൽ 11 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17—ചെറുകിട മരാമത്ത് പണികൾ

വിഹിതം:1000 രൂപ (പദ്ധതിയേതരം)

28. ഭാഗ്യക്കുറി വകുപ്പിലെ 35 ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മുകളിലത്തെ നിലകളിൽ പ്രവർത്തിക്കുന്ന

ഓഫീസുകൾ താഴത്തെ നിലകളിലേയ്ക്ക് മാറ്റുന്നതിനും, മറ്റു മരാമത്ത് പണികൾക്കുള്ള ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99—വിവരസാങ്കേതിക വിദ്യ

വിഹിതം:80 ലക്ഷം രൂപ (പദ്ധതിയേതരം)

29. ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ സോഫ്റ്റ്‌വെയർ നടപ്പിൽ വരുത്തുന്നതിനും, ടിക്കറ്റ് വ്യാജമല്ലെന്ന് ഉറപ്പുവരുത്തി താമസം കൂടാതെ സമ്മാനതുക വിതരണം ചെയ്യുന്നതിന് ഓട്ടോമാറ്റിക് ക്യൂ.ആർ. കോഡ് സ്കാനിംഗ് മെഷീൻ വാങ്ങുന്നതിനും ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103- 93—ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ
06—വാടക, കരം, നികുതി

വിഹിതം : 61.91 ലക്ഷം രൂപ (പദ്ധതിയേതരം)

30. ഭാഗ്യക്കുറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ ടി ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-795-98—വീട് വായ്പ എഴുതിത്തള്ളൽ

വിഹിതം:21.1 ലക്ഷം രൂപ (പദ്ധതിയേതരം)

31. വീട് വായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിച്ചിരുന്നതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ടി ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 22.14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

വിഹിതം : 1.0517 കോടി രൂപ (പദ്ധതിയേതരം)

32. ഹജ്ജ്കമ്മിറ്റി ഓഫീസിൽ പുതുതായി നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം നൽകുന്നതിനും ഹജ്ജ് വോളണ്ടിയറിംഗ് ഇനത്തിലും, ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മിച്ച ഇനത്തിലും തുക നൽകുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.9020 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800-78—വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധനസഹായം

വിഹിതം:1.32 കോടി രൂപ (പദ്ധതിയേതരം)

33. സോഷ്യൽ വെൽഫെയർ സ്കീം(കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക കൊടുത്തു തീർക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-800- 52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

വിഹിതംഃ 1,000 രൂപ (പദ്ധതിയേതരം)

34. തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകത്തിന്റെ നിർമ്മാണം പുരോഗമിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII

## പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ടു ചെയ്തത് - 4853.8756 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.)സംസ്ഥാന പദ്ധതി

വിഹിതം :1.5617 കോടി രൂപ (പദ്ധതി)

35. സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ കെട്ടിടത്തിലെ പരിശീലനഹാളിൽ SASA യുടെ അംഗീകൃത പരിശീലന പരിപാടികൾ കൂടാതെ

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ ബജറ്ററി പ്രൊവിഷനിലുള്ള പരിശീലനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. നിലവിലെ 30 പേർക്ക് ഇരിക്കാവുന്ന പരിശീലന ഹാളിലെ സൗകര്യം പര്യാപ്തമല്ലാത്തതിനാൽ 4-ാമത് ഒരു നിലകൂടി അടിസ്ഥാന സൗകര്യങ്ങളോടെ പണികഴിപ്പിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203-98—ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്

വിഹിതം : 82.33 ലക്ഷം രൂപ (പദ്ധതി)

36. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖാന്തരം സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ എല്ലാ പ്രധാന പദ്ധതികളുടെ ഓൺലൈൻ ഡേറ്റാ ശേഖരണം, ഡേറ്റാ ക്രോഡീകരണം, ഡേറ്റാ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി പുതിയ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള 8 ഷെഡ്യൂളുകളിൽ പ്രധാനപ്പെട്ട ഇ.എ.ആർ.എ.എസ്. മോഡ്യൂൾ വികസിപ്പിക്കുന്നതിന് ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203- 97—വാഹനങ്ങൾ വാങ്ങുന്നതിന്

വിഹിതം:10 ലക്ഷം രൂപ (പദ്ധതി)

37. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ നിലവിൽ വാഹനങ്ങൾ ഇല്ലാത്ത ജില്ലാ ഓഫീസുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3454-02-203- 95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

വിഹിതം:81 ലക്ഷം രൂപ (പദ്ധതി)

38. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ഫീൽഡ്തല സർവ്വെയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ, താലൂക്ക് ഓഫീസുകളിലെ TSO, SI-മാർ ജില്ലാതല സൂപ്പർവൈസറി ഉദ്യോഗസ്ഥർ, ഡയറക്ടറേറ്റിലെ സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ 629 ടാബ്‌ലെറ്റുകൾ വാങ്ങുന്നതിനും ഇന്റർനെറ്റ്

കണക്കുവിറ്റിക്കും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV

## പലവക വായ്പകളും മുൻകൂറുകളും

വോട്ടു ചെയ്തത് - 666.6192 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

7610 -00- 800-93—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർക്കുള്ള മറ്റു മുൻകൂറുകൾ

വിഹിതം: 5.02 ലക്ഷം രൂപ (പദ്ധതിയേതരം)

39. സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കായി നിലവിൽ വന്നിട്ടുള്ള എ.ഐ.എസ്.(മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം 2020 പ്രകാരം അനുവദിക്കുന്ന പലിശരഹിത ചികിത്സാ വായ്പ അടിയന്തര സ്വഭാവമുള്ളതും ഉയർന്ന തുക ആവശ്യപ്പെട്ടുകൊണ്ടുള്ളതാകയാലും നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI

## സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ടു ചെയ്തത് - 13157.5214 കോടി രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2235-60-110-99—സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്

05-4 - ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം:33.35 ലക്ഷം രൂപ (പദ്ധതിയേതരം)

40. പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം:50 ലക്ഷം രൂപ (പദ്ധതിയേതരം)

41. മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 18.25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110- 98—ജില്ലാ ഓഫീസുകൾ

04-1—യാത്രാ ചെലവുകൾ, യാത്രാബത്ത

വിഹിതംഃ 3.44 ലക്ഷം രൂപ (പദ്ധതിയേതരം)

42. ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആകയാൽ ടി ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

05-4—ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം : 6.29 ലക്ഷം രൂപ (പദ്ധതിയേതരം)

43. ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7.71 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 45 ലക്ഷം രൂപ (പദ്ധതിയേതരം)

44. ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-110- 97—<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്—കംപ്യൂട്ടർവല്ക്കരണം</u>

വിഹിതം:40 ലക്ഷം രൂപ (പദ്ധതിയേതരം)

45. സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ <u>22 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

കെ. എൻ. ബാലഗോപാൽ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2024, മാർച്ച് 6.